പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.4241

25.06.2018 -ലെ മറുപടിയ്ക്ക്

## തൊഴിൽ സുരക്ഷ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ഇ.എസ്. ബിജിമോൾ<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീ. കെ.രാജൻ<br>ശ്രീ. വി.ആർ. സുനിൽ കുമാർ | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സാമൂഹിക സുരക്ഷ പദ്ധതികളുടെയും തൊഴിൽ സുരക്ഷ പദ്ധതികളുടെയും ആനുകൂല്യങ്ങൾ വെട്ടിക്കുറക്കാനുള്ള കേന്ദ്ര സർക്കാർ നീക്കം വിലയിരുത്തിയിട്ടുണ്ടോ; ഇതിന്മേലുള്ള സംസ്ഥാന സർക്കാരിന്റെ പ്രതികരണം വ്യക്തമാക്കുമോ; | (എ) ഉണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) കേന്ദ്ര സർക്കാരിന്റെ നടപടി മൂലം ഇ.എസ്.ഐ. ആനുകൂല്യങ്ങളിൽ എന്തൊക്കെ തരത്തിലുള്ള വെട്ടിക്കുറക്കൽ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (ബി) ഇ.എസ്.ഐ ഗുണഭോക്താവിന് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഇ.എസ്.ഐ കോർപ്പറേഷൻ പുതുക്കി നിശ്ചയിച്ചു. ആയതിന്റെ ഭാഗമായി സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭ്യമാക്കുന്നതിന് അസുഖം കണ്ടെത്തുന്ന തീയതിക്ക് തൊട്ടുമുമ്പുള്ള രണ്ട് വർഷം ഇ.എസ്.ഐ. ഗുണഭോക്താവ് തുടർച്ചയായി തൊഴിലിൽ ഉണ്ടായിരിക്കേണ്ടതാണ് എന്നും രോഗം ആരംഭിക്കുന്നതിന് മുമ്പായി നാല് അംശാദായ കാലയളവുകളിലായി 156 ദിവസത്തെ അംശാദായം അടയ്ക്കുകയും മേൽപറഞ്ഞ നാല് അംശാദായ കാലയളവിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് രോഗാനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുകയും വേണം എന്ന ഭേദഗതി വരുത്തിയിരുന്നു. ഇ.എസ്.ഐ കോർപ്പറേഷന്റെ നിബന്ധന 2 വർഷ സർവ്വീസിൽ താഴെയുള്ള ഗുരുതര രോഗങ്ങളുള്ള തൊഴിലാളികൾക്ക് ബുദ്ധിമുട്ടുളവാക്കുന്നതാണ്. |
| സി) ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം ഇ.എസ്.ഐ.പദ്ധതി വിപുലീകരിക്കുന്നതിനും | (സി) 15.09.2017 ലെ സ.ഉ.(എം.എസ്) നം.75/2017/തൊഴിൽ പ്രകാരം പുതുതായി 18 ഇ.എസ്.ഐ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇൻഷുറൻസ് മെഡിക്കൽ |

ജനസൗഹൃദമാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

സർവ്വീസസ് വകുപ്പിന്റെ പരിധിയിലുള്ള 9 ഇ.എസ്.ഐ ആശുപത്രികളും 143 ഇ.എസ്.ഐ ഡിസ്പെൻസറികളും നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് നിയമിച്ച മൂന്നംഗ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. ഓരോ സ്ഥാപനങ്ങളിലും ടി സ്ഥാപനങ്ങളിലെ ജീവനക്കാരെ ഉൾപ്പെടുത്തി ഒരു വെൽഫെയർ കമ്മിറ്റിയും പുതുതായി രൂപീകരിച്ചിട്ടുണ്ട്. മാത്രവുമല്ല ഇ.എസ്.ഐ ആശുപത്രികളിലെ പരാതിപരിഹാരസെൽ പുനഃസംഘടിപ്പിച്ചിട്ടുമുണ്ട്. ആശുപത്രി വികസന സമിതികൾ സ.ഉ. (എം.എസ്) നം. 181/2016/തൊഴിൽ തീയതി 14.11.2016 ഉത്തരവ് പ്രകാരം പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ 9 ഇ.എസ്.ഐ ആശുപത്രികളിലും കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി യൂണിറ്റുകൾ സ്ഥാപിച്ചു വരുന്നു. മേജർ ഡിസ്പെൻസറികൾക്കായി 40 ഇ.സി.ജി മെഷീനുകളും മറ്റ് ഉപകരണങ്ങളും നൽകിയിട്ടുണ്ട്. മെഡിക്കൽ ക്ലെയിമുകളുടെ അപേക്ഷകൾ യഥാസമയം അനുവദിക്കാനായി ഡിസ്പെൻസറികൾക്ക് ഇന്റർനെറ്റ് സൗകര്യവും കമ്പ്യൂട്ടറുകളും നൽകിക്കഴിഞ്ഞു. ടോക്കൺ സിസ്റ്റം നിലവിലില്ലാത്ത ഇ.എസ്.ഐ ആശുപത്രികളിലും തിരക്കേറിയ 50 ഇ.എസ്.ഐ ഡിസ്പെൻസറികളിലും ടോക്കൺ സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഫീഡിംഗ് ഡിസ്പെൻസറികളിൽ നിന്നും ആശുപത്രി ഒ.പി വിഭാഗത്തിൽ ചികിത്സയ്ക്ക് എത്തുന്ന രോഗികൾക്ക് 5 ദിവസത്തേക്കാവശ്യമായ മരുന്നുകൾ വിതരണം ചെയ്യുന്നതിന് ഇ.എസ്.ഐ ആശുപത്രികളിൽ ഫാർമസി ഔട്ട് ലെറ്റ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ആശുപത്രികളിലും, ഡിസ്പെൻസറികളിലുമായി അനസ്തേഷ്യാ വർക്ക് സ്റ്റേഷൻ, ഓപ്പറേഷൻ ടേബിൾ, ആട്ടോക്ലേവ് മെഷീൻ, ഒ.ടി ലൈറ്റ്, ഓക്സിജൻ കോൺസൻട്രേറ്റർ, മൾട്ടിപാരാമോണിറ്റർ എന്നീ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫറോക്ക് ഇ.എസ്.ഐ ആശുപത്രി കേന്ദ്രമാക്കി ഒരു റീജിയണൽ ലാബ് പ്രവർത്തനം ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എറണാകുളം ഇ.എസ്.ഐ ആശുപത്രി 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി റഫറൻസ് ഓൺലൈൻ വഴി നൽകുന്നുണ്ട്. റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത മരുന്നുകൾ കേരള മെഡിക്കൽ

സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്ന് വാങ്ങി വിതരണം ചെയ്യുന്നുണ്ട്. ക്യാൻസർ, കിഡ്നി സംബന്ധമായ അസുഖമുള്ള രോഗികൾക്ക് റേറ്റ് കോൺട്രാക്റ്റ് മുഖേനയും ക്വട്ടേഷൻ വഴിയും മരുന്ന് ലഭ്യമാക്കി വിതരണം ചെയ്യുന്നു. ഡിസ്പെൻസറികൾക്കും ആശുപത്രികൾക്കും ആവശ്യമായ ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന വാങ്ങുന്നുണ്ട്. പത്തു ജില്ലകളിലായി 14 നോൺ കമ്മ്യൂണിക്കബിൾ ഡിസീസസ് (NCD) ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇ.എസ്.ഐ ആശുപത്രികളിൽ കിടത്തി ചികിത്സിക്കുന്ന രോഗികൾക്ക് ഭക്ഷണത്തിനു വേണ്ടി ഹരിതമിഷനുമായി ചേർന്ന് ആശുപത്രികളിൽ ജൈവ പച്ചക്കറി കൃഷി ആരംഭിച്ചു. കൂടാതെ 2017-18 പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ പ്ലാനിൽ ഉൾപ്പെടുത്തിയ താഴെകൊടുക്കുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

1. സീനിയർ റസിഡന്റ്സ്, ഫാർമസിസ്റ്റ് നിയമനം.
2. ലബോറട്ടറി നവീകരണം
3. ആംബുലൻസ് സംവിധാനം
4. പാലക്കാട്, ഫറോക്ക്, ആലപ്പുഴ ഇ.എസ്.ഐ ആശുപത്രികളിൽ ആയുഷ് യൂണിറ്റ്
5. VIBGYOR പവർ ലോൺട്രി
6. ഫറോക്ക്, പേരൂർക്കട ഇ.എസ്.ഐ ആശുപത്രികളിൽ കീമോ തെറാപ്പി യൂണിറ്റ്
7. ഫ്രണ്ട് ഓഫീസും സൈൻ ബോർഡുകളും
8. ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി ഒ.പി

സ്പെഷ്യലിസ്റ്റുകളുടെ ഒഴിവ് നികത്തുന്നതിനായി സെൻട്രൽ സോണിലും, നോർത്ത് സോണിലും ഇന്റർവ്യൂ നടത്തുകയും 3 സ്പെഷ്യലിസ്റ്റുമാരെ കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. സർവ്വീസ് ക്വാട്ടയിൽ പി.ജി പൂർത്തിയാക്കിയിട്ടുള്ള 7 ഡോക്ടർമാരെ ആശുപത്രികളിൽ നിയമിച്ചിട്ടുണ്ട്.

ഇ.എസ്.ഐ ആശുപത്രികളിൽ ലഭ്യമല്ലാത്ത സ്പെഷ്യാലിറ്റി ചികിത്സകൾക്ക് 39 സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്തിട്ടുണ്ട്. ആശുപത്രികളിൽ ഉച്ചയ്ക്ക് ശേഷവും ലാബുകളുടെ പ്രവർത്തനത്തിനായി സ്വകാര്യ ലാബുകളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

ഡി) ഈ സർക്കാർ പുതുതായി ഇ.എസ്.ഐ. ഡിസ്പെൻസറികൾ

(ഡി) പത്തനംതിട്ടയിൽ ഒരു പുതിയ ഇ.എസ്.ഐ ഡിസ്പെൻസറി ആരംഭിച്ചിട്ടുണ്ട്.

ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

ഇ)ഇ.എസ്.ഐ. ഡിസ്പെൻസറികളിൽ നിന്നും വിദഗ്ധ ചികിത്സക്ക് ഇ.എസ്.ഐ. ആശുപത്രികളിൽ എത്തുന്ന ഗുണഭോക്താക്കൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും അസൗകര്യങ്ങളും കുറയ്ക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ഇ) ഇ.എസ്.ഐ ആശുപത്രികളിൽ ലഭ്യമല്ലാത്ത സ്പെഷ്യാലിറ്റി ചികിത്സകൾ തൊഴിലാളികൾക്ക് നൽകുന്നതിനായി സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്തിട്ടുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി റഫറൻസ് സംവിധാനം പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലാക്കി.

എഫ്) ഇ.എസ്.ഐ. ആശുപത്രികളിൽ ക്യാൻസർ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമുള്ള സംവിധാനങ്ങൾ ശാക്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

(എഫ്) ഡിസ്പെൻസറികളിൽ ഇപ്പോൾ ക്യാൻസർ നിർണ്ണയ ക്യാമ്പുകൾ നടത്തിവരുന്നുണ്ട്. ആശുപത്രികളിൽ വരുന്ന രോഗികൾക്ക് ക്യാമ്പുകൾ സംഘടിപ്പിച്ചും പ്രാഥമിക പരിശോധനകളിൽ കൂടിയും രോഗ നിർണ്ണയം നടത്തുകയും, തുടർചികിത്സയ്ക്കായി എംപാനൽഡ് ആശുപത്രികളിലേക്കും റീജിയണൽ ക്യാൻസർ സെന്ററിലേക്കും റഫർ ചെയ്തു വരുന്നുണ്ട്. കൂടാതെ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസ് വകുപ്പിന്റെ 2017-18 വർഷത്തെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാനിൽ ഉൾപ്പെടുത്തി ഫറോക്ക്, പേരൂർക്കട ഇ.എസ്.ഐ ആശുപത്രികളിൽ കീമോതെറാപ്പി യൂണിറ്റ് ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്

സെക്ഷൻ ഓഫീസർ

## അനുബന്ധം

1948-ലെ എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് നിയമം 1952-ലെ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് & മിസലേനിയസ് പ്രൊവിഷൻസ് നിയമം 1923-ലെ എംപ്ലോയീസ് കോമ്പൻസേഷൻ നിയമം, 1961-ലെ മെറ്റേണിറ്റി ബെനഫിറ്റ് നിയമം, 1972-ലെ പേമെന്റ് ഓഫ് ഗ്രാറ്റുവിറ്റി നിയമം, 2008-ലെ അൺ ഓർഗനൈസ്ഡ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി നിയമം, 1976-ലെ ബീഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് നിയമം, 1976-ലെ ബീഡി വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമം, 1996-ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വെൽഫയർ സെസ്സ് നിയമം തുടങ്ങി 17 നിയമങ്ങൾ ദുർബ്ബലപ്പെടുത്തിക്കൊണ്ട് കേന്ദ്രസർക്കാർ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള നിയമമാണ് 2018-ലെ ലേബർ കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റി. ദുർബ്ബലപ്പെടുത്തുന്ന 17 നിയമങ്ങളിലെ ആനുകൂല്യങ്ങളും നിബന്ധനകളും ഒരു നിയമത്തിൻ കീഴിലേക്ക് കൊണ്ടുവരുന്നതിനാണ് കേന്ദ്രസർക്കാർ ലക്ഷ്യമിടുന്നത്.

നിലവിൽ 16 തൊഴിലാളി ക്ഷേമബോർഡുകളും അതിലുമധികം വരുന്ന ക്ഷേമപദ്ധതികളും അടങ്ങുന്ന വിപുലമായ ഒരു സാമൂഹ്യ സുരക്ഷാ സംവിധാനം നിലനിൽക്കുന്ന നമ്മുടെ സംസ്ഥാനത്ത് പുതിയ നിയമം ഒട്ടേറെ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. ഭരണഘടന വ്യവസ്ഥ പ്രകാരം സമവർത്തിപട്ടികയിൽ ഉൾപ്പെട്ട ഒരു വിഷയത്തിൽ കേന്ദ്രവും സംസ്ഥാനവും നിയമ നിർമ്മാണം നടത്തിയാൽ കേന്ദ്രനിയമത്തിനാകും പ്രാബല്യം ലഭിക്കുക. സേവനാനന്തരകാല പെൻഷൻ, ചികിത്സാനുകൂല്യം, അവധി വേതനം, അവശതാ സഹായം എന്നിങ്ങനെയുള്ള വിവിധതരം ആനുകൂല്യ വ്യവസ്ഥകൾ കേന്ദ്രനിയമത്തിൽ ഉൾപ്പെടുന്നതിനാൽ ഈ കാര്യങ്ങൾക്ക് വിനിയോഗിക്കുന്നതിനായി പിരിച്ചെടുക്കുന്ന തൊഴിലുടമ-തൊഴിലാളിവിഹിതങ്ങളും സെസ്സും പുതിയ നിയമ പ്രകാരം സ്ഥാപിതമാകുന്ന സാമൂഹ്യ സുരക്ഷാബോർഡിൽ നിക്ഷിപ്തമാവുന്നതും ഇതിനായി പ്രത്യേകം പ്രത്യേകം വകയിരുത്തപ്പെടുന്ന സ്കീം ഫണ്ടുകളിലേക്ക് ചേർക്കപ്പെടുന്നതുമായിരിക്കും. ക്ഷേമഫണ്ടുകളുടെ നിയന്ത്രണം നിർദ്ദിഷ്ട സാമൂഹ്യ സുരക്ഷാബോർഡിന് കൈവരുന്നതോടെ കേരളത്തിലെ ക്ഷേമബോർഡുകൾ അപ്രത്യക്ഷമാകും. കോഡിൽ പ്രസ്താവിക്കുന്നതിന് പുറമെ അധികവിഹിതം പിരിച്ച് അധികാനുകൂല്യങ്ങൾ നൽകുന്നതിന് നിയമപ്രകാരം തടസ്സമില്ലെങ്കിലും കോഡിൽ വിഭാവനം ചെയ്യുന്ന 19.5 ശതമാനത്തിന് പുറമെ അധികവിഹിതം തൊഴിലുടമയിൽ നിന്ന് പിരിക്കുന്നത് പ്രായോഗികമാവില്ല. കേരളത്തിൽ നിലവിലുള്ള ക്ഷേമനിധികളിൽ നാമമാത്രമായ അംശാദായമാണ് തൊഴിലാളികളിൽ നിന്ന് ഈടാക്കിവരുന്നത്. എന്നാൽ പുതിയ കേന്ദ്ര നിയമ പ്രകാരം തൊഴിലാളി അടയ്ക്കേണ്ടിവരുന്നത് വേതനത്തിന്റെ 12.5% ആണ്. നിലവിൽ 10,000/- രൂപ മാസശമ്പളമുള്ള ഒരു പീടികത്തൊഴിലാളി മാസം 20 രൂപ അംശദായം അടയ്ക്കുമ്പോൾ പുതിയ നിയമപ്രകാരം 1250/- രൂപ അടയ്ക്കേവരും. ഇ.പി.എഫ്, ഇ.എസ്.ഐ കവറേജിന് പുറത്തുള്ള അസംഘടിത മേഖലയിലെ ലക്ഷോപലക്ഷം തൊഴിലാളികളാണ് നാമമാത്രമായ അംശദായം നൽകി പരമിതമെങ്കിലും വിവിധ തരത്തിലുള്ള ആനുകൂല്യങ്ങൾ കേരളത്തിൽ കൈപ്പറ്റി വരുന്നത്. എന്നാൽ പുതിയ നിയമപ്രകാരമുള്ള തൊഴിലാളി വിഹിതം നൽകാൻ കഴിയാതെ വന്നാൽ ഇവർക്ക് തങ്ങളുടെ രജിസ്ട്രേഷൻ നിലനിർത്താൻ കഴിയാതെ വരും. മിനിമം വേതനത്തിന് താഴെ കുടുംബവരുമാനമുള്ള തൊഴിലാളികൾ അംശദായമടക്കേതില്ല എന്ന് പുതിയ നിയമ നിർദ്ദേശത്തിൽ പ്രസ്താവിക്കുന്നുണ്ടുവെങ്കിലുംആയതിന്റെ പ്രായോഗികതയെപ്പറ്റിവ്യക്തതയില്ല.

ദേശീയതലത്തിലും സംസ്ഥാനത്തിലും അതിവിപുമായ രീതിയിൽ വിഭാവനം ചെയ്യുന്ന ഈ സാമൂഹ്യ സുരക്ഷാ സംവിധാനത്തിന്റെ വിവിധതലത്തിലുള്ള നിർവ്വഹണം മധ്യവർത്തി ഏജൻസികൾ മുഖേന നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഫണ്ട് മാനേജ്മെന്റ്, സേവനദാനം, ആനുകൂല്യ വിതരണം, രേഖാ സൂക്ഷിപ്പ് എന്നിവയ്ക്കെല്ലാം ഇപ്രകാരമുള്ള ഏജൻസികൾക്ക് ലൈസൻസ് നൽകുമെന്നാണ് പറയുന്നത്. നിയമത്തിലെ വാചകഘടനയിൽ നിന്നും ഇവ സർക്കാരിതര സംഘടനകളായിരിക്കുമെന്നാണ് അനുമാനിക്കേത്. തൊഴിൽ വകുപ്പും വിവിധ ക്ഷേമബോർഡുകളും ഉൾപ്പെടെയുള്ള സർക്കാർ സംവിധാനം നമ്മുടെ സംസ്ഥാനത്ത് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഇ.പി.എഫ്, ഇ.എസ്.ഐ സംവിധാനങ്ങൾക്ക് നിലവിലുള്ള ജീവനക്കാരും സംഘടനയും നിയമനിർദ്ദേശ പ്രകാരം സാമൂഹ്യസുരക്ഷാ ബോർഡുകളിലേക്ക് വിന്യസിക്കേിവരും. ഈ സർക്കാർ നിയന്ത്രിത സംവിധാനങ്ങൾ നിലനിൽക്കുമ്പോൾ സർക്കാരിതര മധ്യവർത്തി ഏജൻസികളെ നിർവ്വഹണം ഏൽപിക്കുന്നത് അഭികാമ്യമായിരിക്കുകയില്ല.

മറ്റൊരു സുപ്രധാന വിഷയം ഫണ്ട് മാനേജ്മെന്റുമായി ബന്ധപ്പെട്ടതാണ്. സംസ്ഥാന ബോർഡിൽ നിന്നും വരുന്ന അധിക ഫണ്ടുകൾ സെൻട്രൽ ബോർഡിലേക്ക് അടവാക്കണമെന്നും അത് പ്രൊഫഷണൽ വൈദഗ്ദ്ധ്യത്തോടെ നിക്ഷേപസാദ്ധ്യതകൾക്കായി വിനിയോഗിക്കുമെന്നും സ്കീം നടപ്പിലാക്കുന്നതിന്റെ ചെലവിനങ്ങൾക്ക് അത് സംസ്ഥാന ബോർഡുകളിലേക്ക് മടക്കിനൽകുമെന്നാണ് പറയുന്നത്. ഇപ്രകാരം ഫണ്ട് സ്വകാര്യ പദ്ധതികളിൽ നിക്ഷേപിക്കുവാൻ ഇടയായേക്കും. ഇത് തൊഴിലാളി താൽപര്യങ്ങൾക്ക് അനുഗുണമായിരിക്കുമെന്ന് കരുതാനാവില്ല.

Sreeleeka
**സെക്ഷൻ ഓഫീസർ**